# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 16.10.2024 മുതൽ 20.10.2024 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 42/2024, (83) ചൊവ്വാഴ്ച | തീയ്യതി 15/10/2024 |
|---|---|

| കഴിഞ്ഞ ആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 ഒക്ടോബർ 09 മുതൽ ഒക്ടോബർ 15 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2024 ഒക്ടോബർ 16 മുതൽ ഒക്ടോബർ 20 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 09/10 | 10/10 | 11/10 | 12/10 | 13/10 | 14/10 | 15/10 | തീയ്യതി | | 16/10 | 17/10 | 18/10 | 19/10 | 20/10 |
| 0.0 | 27.1 | 0.0 | 42.2 | 2.7 | 2.8 | 1.4 | മഴ (മില്ലീമീറ്റർ) | | 5 | 3 | 2 | 2 | 5 |
| 32.3 | 32.4 | 30.2 | 32.5 | 30.2 | 29.7 | 30.9 | ഉയർന്ന താപനില (°C) | | 32 | 33 | 33 | 34 | 34 |
| 25.0 | 23.9 | 22.7 | 23.9 | 24.5 | 23.6 | 23.7 | കുറഞ്ഞ താപനില (°C) | | 25 | 25 | 25 | 25 | 25 |
| Cloudy | Cloudy | Partly cloudy | Overcast | Overcast | Cloudy | Overcast | AM | മേഘ വ്യാപ്തി (ഒക്ടാ) | Overcast | Overcast | Overcast | Cloudy | Cloudy |
| Overcast | Cloudy | Overcast | Cloudy | Cloudy | Overcast | | PM | | | | | | |
| 84 | 96 | 93 | 98 | 95 | 96 | 95 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 98 | 98 | 98 | 98 | 98 |
| 89 | 67 | 77 | 77 | 85 | 80 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 78 | 78 | 78 | 78 | 78 |
| 2.5 | 1.8 | 1.4 | 2.7 | 0.8 | 1.2 | 0.9 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 2 | 2 | 2 | 2 | 2 |
| E | C | ESE | C | C | C | C | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | NNW | N | W | SW | WSW |
| SSW | SSW | SSW | NNE | NNE | WSW | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2024 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/10/24 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 76.2 | 2885.0 | 130.4 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

പൊതുനിർദേശങ്ങൾ: കാലവർഷസമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മണ്ണ് പരിശോധന നടത്തി മണ്ണിൽ അമ്ലത്വം കൂടുതൽ കാണപ്പെടുകയാണെങ്കിൽ ആവശ്യത്തിന് കുമ്മായം ചേർത്തുകൊടുക്കുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ഞാറുപരുവം | പറിച്ചുനടീൽ | സ്യൂഡോമൊണാസ് കൾച്ചറിൻറെ ലായനിയിൽ വേര് അരമണിക്കൂർ മുക്കി വെച്ചശേഷം ഞാറ് നട്ടാൽ പിന്നീട് പോളരോഗം, പോളഅഴുകൽ, ഇലപ്പുള്ളിരോഗങ്ങൾ എന്നിവ ഒരുപരിധിവരെ തടയാം. പറിച്ചുനടുന്നതിനു മുൻപ് 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| ഇഞ്ചി | മൂട് ചീയൽ | ഇഞ്ചിയിൽ മൂട് ചീയൽ രോഗം കാണാൻ സാധ്യതയുണ്ട്. ഇതിനെ നിയന്ത്രിക്കുന്നതിനായി 2 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് അല്ലെങ്കിൽ 1.5 ഗ്രാം കോപ്പർ ഹൈഡ്രോക്സൈഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ച് കൊടുക്കാവുന്നതാണ് |
| പച്ചക്കറികൾ- (വെള്ളരിവർഗ്ഗങ്ങൾ) | മൃദുരോമപ്പൂപ്പ് | അന്തരീക്ഷ ആർദ്രത കൂടുമ്പോൾ വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപ്പൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി രണ്ടര ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം-: കാലി തീറ്റ ചാക്കുകൾ മരപ്പലകയുടെയോ ഇരുമ്പുപ്പലകയുടെയോ മുകളിൽ സൂക്ഷിക്കുക. കാലി തീറ്റയിൽ ഈർപ്പം കലർന്നാൽ അത് മാരകമായ പൂപ്പൽ വിഷ ബാധയ്ക്ക് കാരണമാകും. കുളമ്പു രോഗങ്ങൾക്ക് എതിരെയുള്ള പ്രതിരോധ കുത്തിവെപ്പ് എടുക്കുക. (CAADECCS KVASU, Mannuthy)